മംഗളം
MANGALAM MALAYALAM NEWS

25 September 2017

# ഒരുക്കാം മട്ടുപ്പാവിൽ ഒരു പഴത്തോട്ടം; പിന്തുണയുമായി കെ.വി.കെ



▪ മട്ടുപ്പാവിൽ ഒരുക്കിയിരിക്കുന്ന പഴത്തോട്ടം

കൊച്ചി: കീടനാശിനി രഹിത പഴവർഗങ്ങളുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനു പദ്ധതിയുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം. വീടിന്റെ മട്ടുപ്പാവിൽ പഴത്തോട്ടം ഒരുക്കുന്ന രീതികൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകി ഫലവൃക്ഷത്തൈകൾ ലഭ്യമാക്കുന്നതുമാണ് സി.എം.എഫ്.ആർ.ഐക്കു കീഴിലുള്ള കെവികെയുടെ പദ്ധതി.

പച്ചക്കറിക്കു പുറമെ, പഴങ്ങളുടെ ഉൽപാദനത്തിലും സ്വയം പര്യാപ്തത കൈവരിക്കുന്നതിനു മട്ടുപ്പാവിൽ പോലും പഴത്തോട്ടം ഒരുക്കുന്നതിനുള്ള രീതികളാണു കെ.വി.കെ പൊതുജനങ്ങളെ പരിചയപ്പെടുത്തുന്നത്.

ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ കൃഷി സാങ്കേതികവിദ്യാ പ്രദർശനവും ഫലവൃക്ഷത്തൈ വിപണന മേളയും നാളെ സി.എം.എഫ്.ആർ.ഐയിൽ തുടങ്ങും.

ഈ രംഗത്ത് മികച്ച വിജയം കൈവരിച്ച ജൈവകർഷകർ കൃഷി അനുഭവങ്ങൾ പങ്കുവെയ്ക്കും. മട്ടുപ്പാവിൽ ചട്ടിയിൽ വളർത്തുന്ന ഫലവൃക്ഷങ്ങൾ കാണികൾക്ക് മുന്നിൽ പ്രദർശിപ്പിക്കും. വേഗത്തിൽ കായ്ക്കുന്നതും ഗുണമേൻമയുള്ളതുമായ ഫലവൃക്ഷങ്ങളുടെ തൈകളാണ് വിപണന മേളയിലുണ്ടാകുക.

മാവ്, പ്ലാവ്, പേര, വിവിധയിനം ചാമ്പ, പലതരം നാരകം, നെല്ലി, ഞാവൽ, സപ്പോട്ട, മാതളം, സീതപ്പഴം, ചെറി, പാഷൻ ഫ്രൂട്ട് തുടങ്ങിയവയുടെ തൈകൾ മേളയിൽ ലഭ്യമാകും. കൃഷിരീതികൾ പരിചയപ്പെടുത്തുന്ന വീഡിയോ പ്രദർശനം, വിദഗ്ധരുമായുള്ള സംവാദം എന്നിവയുമുണ്ടാകും. ജില്ലയിലെ സാധ്യമായ എല്ലാ വീടുകളുടെ മട്ടുപ്പാവിലും ഓരോ പഴത്തോട്ടം യാഥാർത്ഥ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് കെ.വി.കെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ പറഞ്ഞു.

നിലവിൽ വിപണിയിൽ ലഭ്യമായ പഴവർഗങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നു പോലുമാണ് വരുന്നത്.

കൂടുതൽ സമയം കേടുവരാതെ സൂക്ഷിക്കേണ്ടതിനാൽ ഇവയിൽ മാരകമായ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.